ഗുരുമാർഗം



മനസിനും ദേഹത്തിനും ബലം തരുന്നതോടൊപ്പം അടിസ്ഥാനപരങ്ങളായ ചില ജീവിത ക്ലേശങ്ങളും ഒഴിവാക്കിത്തന്നാലേ സുഗമമായ ഈശ്വരഭജനം സാദ്ധ്യമാകൂ എന്നാണ് ഭക്തൻ ഇനിയും അറിയുന്നത്.

അവിട്ടം 50 - 58
ദശമി 56 - 51
1938 വൈശാഖം 01
1438 റജബ് 23
1192 മേടം 08

തിരിച്ചറിയാൻ ഏഴു പതിറ്റാണ്ട്

ജനാധിപത്യ ഭരണ വ്യവസ്ഥയിൽ പൗരന്മാരെല്ലാം തുല്യരാണെന്നാണ് വയ്പെങ്കിലും അധികാര കേന്ദ്രങ്ങളിലുള്ളവർ എപ്പോഴും പത്തുപടി മുകളിലാണ്. അധികാര ചിഹ്നങ്ങളും ഇതിനായി രൂപകല്പന ചെയ്യപ്പെട്ടിട്ടുണ്ട്. ബ്രിട്ടീഷുകാർ രാജ്യംവിട്ടുപോയിട്ട് ഏഴുപതിറ്റാണ്ടായെങ്കിലും അവർ ഉപേക്ഷിച്ചുപോയ ഒട്ടേറെ ആചാരങ്ങളും കീഴ്‌നടപ്പുകളും ഒരു നാണവുമില്ലാതെ നാടൻധ്വരമാർ അവകാശംപോലെ കൊണ്ടുനടക്കുന്നതായി കാണാം. ജനങ്ങളിൽനിന്ന് വേർതിരിക്കുന്ന ചിലയിനം അധികാര ചിഹ്നങ്ങളാണ് സമൂഹത്തിൽ അവരെ വേറിട്ടുനിറുത്തുന്നത്. സഞ്ചരിക്കുന്ന വാഹനത്തിന് മുകളിൽ ബീക്കൺ ലൈറ്റും ചുവപ്പ് ബോർഡുകളുംമറ്റും ഇതിന്റെ ഭാഗമാണ്. ചുവന്ന ബീക്കൺലൈറ്റ് ഉപയോഗിക്കുന്നത് അവസാനിപ്പിക്കണമെന്ന് 2013-ൽ സുപ്രീംകോടതി നിർദ്ദേശം പുറപ്പെടുവിച്ചതാണ്. എന്നാൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അത് കാര്യമായി എടുത്തില്ല. അധികാരചിഹ്നം ഉപേക്ഷിക്കുന്ന കാര്യം ആലോചിക്കാൻപോലും കഴിയാത്തവരാണ് അധികവും. ഏതായാലും മേയ് ഒന്നാംതീയതി മുതൽ രാജ്യത്തുടനീളം ചുവപ്പുബീക്കൺ ലൈറ്റിന് നിരോധനം ഏർപ്പെടുത്താൻ കേന്ദ്ര സർക്കാർ തീരുമാനമെടുത്തിരിക്കുകയാണ്. പ്രഥമ പൗരനായ രാഷ്ട്രപതിതൊട്ട് സംസ്ഥാനങ്ങളിലെ സാദാ മന്ത്രിവരെയുള്ളവരുടെ വാഹനങ്ങൾ ഇനി ചുവന്ന ലൈറ്റില്ലാതെ ഓടേണ്ടിവരും. ആംബുലൻസുകൾ, പൊലീസ് വാഹനങ്ങൾ, അടിയന്തരകാര്യങ്ങൾക്കായി പോകുന്ന ചിലയിനം വാഹനങ്ങൾ എന്നിവയ്ക്ക് നീല ബീക്കൺലൈറ്റുകൾ തുടർന്നും ഉപയോഗിക്കാവുന്നതാണ്.

വി. ഐ. പി സംസ്കാരത്തിന്റെ ഭാഗമായ ബീക്കൺ ലൈറ്റുകൾക്ക് നിരോധനം കൊണ്ടുവരാനുള്ള ആലോചനയ്ക്ക് തുടക്കമിട്ടത് ഒന്നരവർഷം മുൻപ് പ്രധാനമന്ത്രി നരേന്ദ്ര മോദിയാണെങ്കിലും അതിനുമുമ്പുതന്നെ ഡൽഹി മുഖ്യമന്ത്രി കെജ്‌രിവാൾ സർക്കാർ വാഹനങ്ങളിൽ നിന്ന് അവ അഴിച്ചുമാറ്റിയിരുന്നു. സമീപകാലത്ത് അധികാരത്തിൽവന്ന പഞ്ചാബ് മുഖ്യമന്ത്രി അമരീന്ദർ സിംഗും യു.പി. മുഖ്യമന്ത്രി യോഗി ആദിത്യനാഥും ഈ മാതൃക പിന്തുടർന്നിരുന്നു. ഈ വിഷയത്തിൽ കേന്ദ്ര ഗതാഗതവകുപ്പ് സംസ്ഥാനങ്ങളുടെ അഭിപ്രായവും തേടിയിരുന്നു. ഇതിന്റെയെല്ലാം അടിസ്ഥാനത്തിലാണ് മന്ത്രിമാരുടെയും മറ്റു ഉദ്യോഗസ്ഥ പ്രമുഖരുടെയും വാഹനങ്ങളിൽ നിന്ന് ബീക്കൺ ലൈറ്റ് എടുത്തുമാറ്റാനുള്ള തീരുമാനമുണ്ടായത്. രാഷ്ട്രപതി, പ്രധാനമന്ത്രി, ഉപരാഷ്ട്രപതി, ചീഫ്ജസ്റ്റിസ്, ലോക്‌സഭാസ്പീക്കർ എന്നിവരെ ബീക്കൺ നിബന്ധനയിൽ നിന്ന് ഒഴിവാക്കുന്ന കാര്യം ചർച്ചാവിഷയമായെങ്കിലും ഒടുവിൽ അവരുടെ വാഹനങ്ങൾക്കും ഇതുവേണ്ടെന്ന തീരുമാനത്തിലെത്തുകയായിരുന്നു. ജനാധിപത്യ വ്യവസ്ഥിതിയിൽ ഇത്തരം അധികാരചിഹ്നങ്ങൾ ഇല്ലാതിരിക്കുന്നതാണ് ഭംഗിയെന്ന് മനസിലാക്കാൻ ഭരണാധികാരികൾക്ക് ഏഴുപതിറ്റാണ്ടുകൾ വേണ്ടിവന്നു. ഏറെ വൈകിയാണെങ്കിലും അത് നടന്നല്ലോ എന്നതിൽ ജനങ്ങൾക്കും ഇപ്പോൾ സന്തോഷിക്കാം.

> ഗതാഗതക്കുരുക്കിൽപ്പെടാതെ സുഗമമായ യാത്ര ഉറപ്പുവരുത്താൻ വാഹനത്തിന് മുകളിലെ കത്തുന്ന വിളക്ക് വി.ഐ.പികൾക്കും ഉദ്യോഗസ്ഥ പ്രമുഖർക്കും സഹായകമായിരുന്നു. വിളക്ക് ഉപേക്ഷിക്കേണ്ടിവന്നാലും മന്ത്രിമാർക്കും മറ്റും വഴികാട്ടാൻ പൊലീസുകാർ ഉണ്ടാകുമെന്നതിനാൽ കുരുക്കിൽപ്പെടാതെ തന്നെ അവർക്ക് മുന്നോട്ടുപോകാൻ കഴിയും. അർഹതയില്ലെങ്കിൽപോലും ബീക്കൺ ലൈറ്റ് തരപ്പെടുത്തി വിലസി നടക്കുന്ന ഉദ്യോഗസ്ഥമേധാവികളെയാകും കേന്ദ്ര തീരുമാനം വല്ലാതെ നിരാശപ്പെടുത്തുക

ഗതാഗതക്കുരുക്കിൽപ്പെടാതെ സുഗമമായ യാത്ര ഉറപ്പുവരുത്താൻ വാഹനത്തിന് മുകളിലെ കത്തുന്ന വിളക്ക് വി.ഐ.പികൾക്കും ഉദ്യോഗസ്ഥപ്രമുഖർക്കും സഹായകമായിരുന്നു. വിളക്ക് ഉപേക്ഷിക്കേണ്ടിവന്നാലും മന്ത്രിമാർക്കും മറ്റും വഴികാട്ടാൻ പൊലീസുകാർ ഉണ്ടാകുമെന്നതിനാൽ കുരുക്കിൽപ്പെടാതെ തന്നെ അവർക്ക് മുന്നോട്ടുപോകാൻ കഴിയും. അർഹതയില്ലെങ്കിൽപോലും ബീക്കൺ ലൈറ്റ് തരപ്പെടുത്തി വിലസിനടക്കുന്ന ഉദ്യോഗസ്ഥമേധാവികളെയാകും കേന്ദ്ര തീരുമാനം വല്ലാതെ നിരാശപ്പെടുത്തുക. നാട്ടുകാരുടെയും ബന്ധുക്കളുടെയുമിടയിൽ പത്രാസ് പെട്ടെന്ന് കുറയുമോ എന്ന ആശങ്കയാകും അവരിലുണ്ടാവുക. ബീക്കൺ ലൈറ്റ് നിരോധനത്തിനൊപ്പം റോഡ് നിയമങ്ങൾ പാലിക്കുന്ന കാര്യത്തിലും വി.ഐ.പി വാഹനങ്ങൾ ജനങ്ങൾക്ക് മാതൃക കാട്ടേണ്ടതുണ്ട്. ഇപ്പോൾ ഒരു നിയമവും ബാധകമല്ലെന്ന മട്ടിലാണ് അവയുടെ പോക്ക്. ജനസേവകരായിരിക്കേണ്ടവർ അവരുടെ യജമാനന്മാരായി ചമയുന്ന അധികാരശൈലി കണ്ട് മനംമടുത്തുകഴിയുന്നവർക്ക് കേന്ദ്ര തീരുമാനം നല്ല സന്ദേശം തന്നെയാണ് നൽകുന്നത്. മന്ത്രിയോ ജനപ്രതിനിധിയോ ആയാൽ ചെല്ലുന്ന ഇടങ്ങളിലെല്ലാം പ്രത്യേക സ്ഥാനവും പരിഗണനയും വേണമെന്ന ശാഠ്യം വർദ്ധിച്ചുവരുന്ന കാലമാണിത്. സാധാരണ ഗതിയിൽ അവർ ആവശ്യപ്പെടാതെ തന്നെ എല്ലാ ആദരവും വിശിഷ്ട പരിഗണനയും ലഭിക്കാറുമുണ്ട്. എന്നിരുന്നാലും ഇതിനെ ചൊല്ലി പരിഭവം കാട്ടുന്നവരും കയർക്കാൻ നിൽക്കുന്നവരും ധാരാളമുണ്ട്. ഈയിടെ വിമാനത്തിൽ സൗകര്യം കുറഞ്ഞുപോയതിന്റെ പേരിൽ ശിവസേനക്കാരനായ എം.പി ഡൽഹിയിൽ എയർ ഇന്ത്യാ ഉദ്യോഗസ്ഥനെ ചെരുപ്പൂരി അടിച്ച സംഭവം ഇതിന് തെളിവാണ്. തുടർന്ന് ദിവസങ്ങളോളം എം.പിക്ക് വിമാനവിലക്ക് നേരിടേണ്ടിവരികയും ചെയ്തു. ഔദ്യോഗിക പദവികൾ മറ്റുള്ളവരെ ചവിട്ടിത്താഴ്ത്താനുള്ള ഉപാധിയായി കാണുന്നവർക്ക് ബീക്കൺ ലൈറ്റ് നിരോധനം പോലുള്ള നടപടി വലിയ ഇച്ഛാഭംഗത്തിന് കാരണമായേക്കാം.

തെറ്റുകളുടെ ‘മഹാ’നിഘണ്ടു

പതിനായിരം തെറ്റുകളുമായി മഹാനിഘണ്ടു 9-ാം വാല്യം

എൻ.ഗംഗാധരൻ

ആർ.ചിത്രജകുമാർ

കേരള സർവകലാശാലയ്ക്കും മലയാള ഭാഷയ്ക്കും അന്താരാഷ്ട്ര പ്രശസ്തി നേടിക്കൊടുത്ത ഏറ്റവും ബൃഹത്തും ഗഹനവുമായ നിഘണ്ടു നിർമ്മാണ സംരംഭമാണ് മലയാള മഹാനിഘണ്ടു (Malayalam Lexicon). ആഗമികവും ഭാഷാശാസ്ത്രപരവുമായ തത്ത്വങ്ങളെ ആധാരമാക്കി നിർമ്മിക്കുന്ന ഈ നിഘണ്ടു ഭാഷയിൽ ഇന്നുവരെ ഉപയോഗിച്ചിട്ടുള്ള എല്ലാ പദങ്ങളും അവയുടെ എല്ലാ അർത്ഥങ്ങളും വിശദീകരിക്കുന്നതും ഗുണ്ടർട്ട് നിഘണ്ടുവും ശബ്ദതാരാവലിയും പ്രസിദ്ധീകരിച്ചതിനുശേഷം മലയാള ഭാഷയിൽ ഉണ്ടായ വികാസത്തെ മുഴുവൻ ഉൾക്കൊള്ളുന്നതും നിഘണ്ടുനിർമ്മാണ ശാസ്ത്രത്തിന്റെ ആധുനിക പ്രയോഗ രീതികൾക്ക് അനുസൃതമായി രൂപകല്പന ചെയ്തിട്ടുള്ളതുമാണ്.

മഹാനിഘണ്ടുവിന്റെ ആദ്യത്തെ എട്ടു വാല്യങ്ങൾ ലോകമെമ്പാടുമുള്ള പണ്ഡിതസമൂഹത്തിന്റെ മുക്തകണ്ഠമായ പ്രശംസ ഇതിനകം നേടിക്കഴിഞ്ഞിട്ടുണ്ട്. എന്നാൽ, ഈയിടെ പ്രസിദ്ധീകരിച്ച 9-ാം വാല്യം, മഹാനിഘണ്ടു എട്ട് വാല്യങ്ങളിലൂടെ നേടിയെടുത്ത യശസിനെ കളങ്കപ്പെടുത്തുന്ന ഒരു അബദ്ധപ്പഞ്ചാംഗമാണ്.

ഈ 9-ാം വാല്യം തുറന്ന് ഏത് പേജ് നോക്കിയാലും തെറ്റ്; ഏത് എൻട്രി നോക്കിയാലും തെറ്റ്; പദങ്ങളുടെ വ്യാകരണത്തിലേക്ക് കടന്നാൽ ശുദ്ധ അസംബന്ധങ്ങൾ; വ്യുത്പത്തി നിർണയത്തിൽ തെറ്റോടുതെറ്റ്; ഏറ്റവും പ്രസിദ്ധമായ ഒട്ടേറെ പദങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല; പദങ്ങളുടെ പ്രചാരമുള്ളതും പ്രസിദ്ധവുമായ അർത്ഥങ്ങളും ചേർത്തിട്ടില്ല; അർത്ഥങ്ങൾക്ക് കീഴെ കൊടുത്തിരിക്കുന്ന ഉദാഹരണങ്ങൾക്ക് അർത്ഥവുമായി ഒരു ബന്ധവുമില്ല; ഒരു അർത്ഥവും വ്യക്തമാക്കാത്ത അർത്ഥരചനമൂലം നിഘണ്ടു പരിശോധിക്കുന്ന ആൾക്ക് ഒന്നും മനസിലാകുന്നില്ല; ഇതാണ് ഈ 9-ാം വാല്യത്തിന്റെ പരിതാപകരമായ അവസ്ഥ.

മലയാള മഹാനിഘണ്ടുവിന്റെ നിർമ്മാണരീതിയെക്കുറിച്ചുള്ള അടിസ്ഥാനപരമായ അജ്ഞതയും മലയാള പദങ്ങളുടെ രൂപപരവും അർത്ഥപരവും വ്യാകരണപരവുമായ സവിശേഷതകളെക്കുറിച്ചുള്ള തികഞ്ഞ അറിവില്ലായ്മയും മുൻനിഘണ്ടുക്കൾ പരിശോധിക്കുന്നതിൽ വരുത്തിയ ഗുരുതരമായ പിഴവുകളും ഉദാഹരണങ്ങൾ വായിച്ച് ശരിയായ അർത്ഥം മനസിലാക്കാനുള്ള കഴിവില്ലായ്മയും നിഘണ്ടുനിർമ്മിതിയിൽ ഒരിക്കലും പാടില്ലാത്ത അക്ഷന്തവ്യമായ അശ്രദ്ധയും ചേർന്ന്, 9-ാം വാല്യത്തെ തെറ്റുകളുടെ കൂമ്പാരമാക്കി മാറ്റിയിരിക്കുകയാണ്.

മലയാളത്തിൽ പ്രയോഗത്തിലുള്ളതും പ്രയോഗക്ഷമവുമായ വാക്കുകൾ എല്ലാം മലയാള മഹാനിഘണ്ടുവിൽ ചേർത്തിരിക്കും എന്ന വ്യവസ്ഥയിരിക്കേ, മലയാളത്തിൽ സർവസാധാരണമായി പ്രയോഗിക്കുന്നതും സാധാരണ നിഘണ്ടുക്കൾ പോലും എടുത്തിട്ടുള്ളതുമായ ഒട്ടേറെ പ്രസിദ്ധ പദങ്ങൾ ഇതിൽ ചേർത്തിട്ടില്ല. ‘പ്രധാനമന്ത്രി’ എന്ന പദം ഈ വാല്യത്തിൽ ചേർത്തിട്ടില്ല എന്നത് ഏത് മലയാളിയെയും ഞെട്ടിക്കും. ‘പ്രസിഡന്റ്’ എന്ന പദം ഇതിൽ എടുത്തിട്ടുണ്ടെങ്കിലും അതിന് മലയാളത്തിലും മറ്റു ഭാരതീയ ഭാഷകളിലും ഉപയോഗിക്കുന്ന ‘രാഷ്ട്രപതി’ എന്ന തത്തുല്യപദം അർത്ഥമായി നൽകിയിട്ടില്ല.



> ഹെഡ്മാസ്റ്റർ എന്നതിന് മലയാളത്തിൽ ഉറച്ചിട്ടുള്ള ഒരേയൊരു പദമായ ‘പ്രഥമാദ്ധ്യാപകൻ’ എന്ന പദവും ഹെഡ്മിസ്ട്രസ് എന്ന അർത്ഥത്തിലുള്ള ‘പ്രഥമാദ്ധ്യാപിക’ എന്ന പദവും ഈ വാല്യത്തിൽ എടുത്തിട്ടില്ല. ആധുനിക മലയാളിക്ക് ഒരിക്കലും ഒഴിവാക്കാൻ കഴിയാത്ത വാക്കുകളാണ് പ്രവാസി മലയാളി, പ്രവാസി ജീവിതം, പ്രവാസി മന്ത്രാലയം, പ്രവാസികാര്യവകുപ്പ് തുടങ്ങിയവ. ഇവയൊന്നും ഇതിൽ ചേർത്തിട്ടില്ല.

ഹെഡ്മാസ്റ്റർ എന്നതിന് മലയാളത്തിൽ ഉറച്ചിട്ടുള്ള ഒരേയൊരു പദമായ ‘പ്രഥമാദ്ധ്യാപകൻ’ എന്ന പദവും ഹെഡ്മിസ്ട്രസ് എന്ന അർത്ഥത്തിലുള്ള ‘പ്രഥമാദ്ധ്യാപിക’ എന്ന പദവും ഈ വാല്യത്തിൽ എടുത്തിട്ടില്ല. ആധുനിക മലയാളിക്ക് ഒരിക്കലും ഒഴിവാക്കാൻ കഴിയാത്ത വാക്കുകളാണ് പ്രവാസി മലയാളി, പ്രവാസി ജീവിതം, പ്രവാസി മന്ത്രാലയം, പ്രവാസികാര്യവകുപ്പ് തുടങ്ങിയവ. ഇവയൊന്നും ഇതിൽ ചേർത്തിട്ടില്ല.

അതുപോലെ പ്രസവശുശ്രൂഷ, പ്രസവരക്ഷ, പ്രസവാവധി, പ്രസവാശുപത്രി തുടങ്ങിയ പ്രശസ്ത പദങ്ങളും ഈ വാല്യത്തിൽ ഇല്ല എന്നു പറഞ്ഞാൽ ആരെങ്കിലും വിശ്വസിക്കുമോ?

ശ്രേഷ്ഠം, പ്രധാനപ്പെട്ടത്, പ്രകൃതി, പരമാത്മാവ്, ജ്ഞാനം, ബുദ്ധി എന്നെല്ലാം ശബ്ദതാരാവലിയിൽ അർത്ഥം നൽകിയിട്ടുള്ള ‘പ്രധാനം’ എന്ന പദം ഇതിൽ എടുത്തിട്ടില്ല. എല്ലാ നിഘണ്ടുക്കളും എടുത്തിട്ടുള്ള ‘പ്രധാനി’ എന്ന പദവും ഇതിലില്ല.

എടുത്തിട്ടില്ലാത്ത പ്രസിദ്ധ പദങ്ങളിൽ ചിലതുമാത്രം ഇവിടെ ചേർക്കുന്നു: പ്രഭാവലയം, പ്രസിദ്ധീകരണശാല, പ്രസിദ്ധീകൃതം, പ്രലോഭനീയ, പ്രസരണനഷ്ടം, പ്രവർത്തന സമയം, പ്രമാണവാക്യം, പ്രവർത്തനഫണ്ട്, പ്രശ്നാധിഷ്ഠിത, പ്രകടനപരം, പ്രകടനപരത, പ്രസരണി, പൊതുപരീക്ഷ, പുനഃസംഘടന, പുനഃസംഘടിപ്പിക്കുക, പുനഃപരിഗണന, പൊതുപ്രദർശനം, പൊതുദർശനം, പൊതുനയം, പൊതുപ്രാധാന്യം, പൊറുപ്പിക്കുക, പുറത്താക്കുക, പൊതുരംഗം, പ്രകൃതിജീവനം, പ്രഗല്ഭത, പ്രജ്ഞാഹീന, പ്രതികാരനടപടി, പ്രതികാരബുദ്ധി, പ്രതിരോധശക്തി, പൊടിച്ചായ.

ഇതിനുപുറമേ ശബ്ദതാരാവലിയിൽ എടുത്തിട്ടുള്ള നൂറുകണക്കിന് പദങ്ങൾ ഈ മഹാനിഘണ്ടുവിൽ ചേർക്കാൻ വിട്ടുപോയിരിക്കുന്നു. ഇതുപോലെ, എടുത്ത പദങ്ങൾക്കുതന്നെ പ്രസിദ്ധമായ അർത്ഥങ്ങളും ഇതിൽ വിട്ടുകളഞ്ഞിരിക്കുന്നു. ‘പ്രസരണം’ എന്ന പദത്തിന് വൈദ്യുതിയുമായും ആണവോർജ്ജവുമായും മറ്റും ബന്ധപ്പെട്ട അർത്ഥങ്ങൾ ഇതിൽ എടുത്തിട്ടില്ല. പ്രതിബദ്ധത എന്നാൽ ‘Commitment’ എന്ന അർത്ഥവും പ്രതിച്ഛായ എന്നതിന് ‘നല്ലതോ മോശപ്പെട്ടതോ ആയ പൊതുജനാഭിപ്രായം’ എന്ന അർത്ഥവും ആണ് ഏറ്റവും പ്രസിദ്ധമെങ്കിലും അവ ഈ വാല്യത്തിൽ കാണുന്നില്ല.

അർത്ഥങ്ങൾ തെറ്റായി നൽകുന്നതിൽ ഈ വാല്യത്തിന്റെ സ്ഥാനം അദ്വിതീയമാണ്. കടലിൽ ‘പുലിമുട്ട്’ കെട്ടുന്നതിനെക്കുറിച്ച് ദിവസവും പത്രങ്ങളിൽ വാർത്തകൾ വന്നുകൊണ്ടിരിക്കേ, ‘ആറ്റുവക്കും മറ്റും ഇടിഞ്ഞുപോകാതിരിക്കാൻ വേണ്ടി കെട്ടുന്ന മതിൽ’ എന്നാണ് പുലിമുട്ടിന് ഇതിൽ അർത്ഥം പറഞ്ഞിരിക്കുന്നത്. പ്രശ്ലേഷം, പൂജകബഹുവചനം, പുറാപുറം, പ്രതികരണം തുടങ്ങിയവയുടെ അർത്ഥങ്ങളും തെറ്റായി കൊടുത്തിരിക്കുന്നു. കീറ്, ചീൾ എന്നീ അർത്ഥങ്ങളിലുള്ള പൊളി എന്ന പദമെടുത്ത് 12-ാം അർത്ഥമായി നുണ, കള്ളം എന്ന് കൊടുത്തിരിക്കുന്നു. ഇത് ‘പൊളി’ എന്ന മറ്റൊരു പദത്തിന്റെ അർത്ഥമാണ്. വ്യുത്പത്തി നിർണയിക്കുന്നതിൽ വരുത്തിയ വലിയ തെറ്റുകൾ പെരുകുക, പൊള്ള, പ്രതി, പോന്ന, പൂത്ത തുടങ്ങിയ ഒട്ടേറെ പദങ്ങളിൽ കാണാം.

‘പൊതുനന്മ’ എന്ന പദമെടുത്ത് പൊതുജനനന്മ എന്ന പദത്തിലേക്ക് എതിർ സൂചന ചെയ്തിരിക്കുന്നു. ‘സ്ഥാപനങ്ങളുടെ പൊതുനന്മയ്ക്കായി, ‘വന്യജീവികളുടെ പൊതുനന്മ’ എന്നൊക്കെ പ്രയോഗിക്കുന്നിടത്ത് പൊതുജനനന്മ എന്നാണോ അർത്ഥം?

പദങ്ങളുടെ അർത്ഥങ്ങൾക്കും അവയ്ക്കു താഴെ കൊടുത്ത ഉദാഹരണങ്ങൾക്കും ഈ വാല്യത്തിൽ പലയിടത്തും ഒരു ബന്ധവുമില്ല. ‘പുളി’ എന്ന പദത്തിന് പുളിമരം എന്ന് അർത്ഥം കൊടുത്തിട്ട് അതിന് കീഴെ ‘എന്തുക്കയുടെ മുഖം പുളി കുടിച്ചപോലായി’ എന്നും ‘പുളി ഭക്ഷിച്ച ദോഷത്തിനേലത്തരി കഷായം’ എന്നും കൊടുത്തിരിക്കുന്നു. ‘പൊള്ള’ എന്ന പദത്തിന് കഴമ്പില്ലാത്തത്, അർത്ഥശൂന്യമായത് എന്ന് അർത്ഥം നൽകി അതിനുതാഴെ ‘അമ്മ ചപ്പാത്തിയെടുത്തു കനലിലിട്ടുതീ തട്ടുമ്പോൾ അതിൽ പലയിടത്തുമായി പൊള്ളകൾ പൊന്തിവന്നുകൊണ്ടിരുന്നു’ എന്ന് ഉദാഹരണം കൊടുത്തിരിക്കുന്നു! പൊള്ളൽ, പ്രശസ്ത, പ്രശസ്തി, പ്രഖ്യാപനം, പെടുക തുടങ്ങിയ ഒട്ടേറെ പദങ്ങൾക്കുതാഴെ തീർത്തും തെറ്റായ ഉദാഹരണങ്ങൾ കാണാം.

ഇതിലെ ഇംഗ്ലീഷ് അർത്ഥങ്ങൾ വായിച്ചാൽ ആർക്കും ചിരിവരും. ‘പേയം’ എന്ന പദത്തിന് ‘കുടിക്കത്തക്കത്’ എന്ന് മലയാളത്തിൽ അർത്ഥം കൊടുത്തതിനുശേഷം നൽകിയ ഇംഗ്ലീഷ് അർത്ഥം നോക്കുക: ‘that which is taken in by drinking or sipping as water milk etc.’ പൊതുവുടമ എന്ന പദത്തിന് ഒന്നാമർത്ഥമായി pulic ownership, state ownership എന്നും രണ്ടാമർത്ഥമായി public stateownership എന്നും കൊടുത്തിരിക്കുന്നു! പ്രഥമഗണനീയ, പുറം തുടങ്ങിയ പദങ്ങളുടെ ഇംഗ്ലീഷ് അർത്ഥങ്ങളും അബദ്ധം തന്നെ. പ്രണയപരവശ എന്ന സ്ത്രീലിംഗപദവും പ്രണയവിവശൻ എന്ന പുല്ലിംഗപദവും മാത്രം ഇതിൽ എൻട്രിയായി എടുത്തിരിക്കുന്നു. കേരളത്തിൽ പ്രണയപരവശന്മാരും പ്രണയവിവശകളും ഇല്ലെന്നാണോ?

ഇതിലും കഷ്ടമാണ് കാളിദാസശ്ലോകം മലയാളമാക്കി മാറ്റിയത്. കാളിദാസന്റെ രഘുവംശത്തിലെ ഒരു ശ്ലോകം ഭാഷാരാമായണ ചമ്പുവിൽ ഉദ്ധരിച്ചു ചേർത്തതിനെ പ്രവേശിത എന്ന പദത്തിന് കീഴെ മലയാള ഉദാഹരണമായി കൊടുത്തിരിക്കുന്നു.

നിഘണ്ടുവിൽ ഏറ്റവും മുഖ്യമായ അകാരാദിക്രമവും ഇതിൽ പലയിടത്തും തെറ്റിച്ചിരിക്കുന്നു. പൂച്ചംപൂച്ചം, പുറത്തോല തുടങ്ങിയവ ഉദാഹരണങ്ങൾ. ഈ വാല്യത്തിൽ വന്നിട്ടുള്ള ആയിരക്കണക്കിന് തെറ്റുകളിൽ ചിലതുമാത്രം എടുത്ത് കാണിക്കാനേ ഇവിടെ നിവൃത്തിയുള്ളൂ. ഓരോ ഗണത്തിൽപെടുന്ന തെറ്റുകൾക്കും നൂറുകണക്കിനാണ് ഉദാഹരണങ്ങൾ. ചില പേജുകൾ എടുത്ത് ഓടിച്ചുനോക്കിയപ്പോൾ തന്നെ ഓരോ പേജിലും ശരാശരി 20 തെറ്റുകൾ കണ്ടെത്തി. 734 പേജുള്ള ഈ വാല്യത്തിൽ, ഒരു പേജിൽ 15 തെറ്റുകൾ വന്നാൽ തന്നെ മൊത്തം തെറ്റുകൾ പതിനായിരത്തിന് മുകളിലായിരിക്കും. ലക്സിക്കൺ ഓഫീസിൽ ലഭ്യമായ വിപുലമായ സാമഗ്രികളുടെപിൻബലത്തോടെപരിശോധിച്ചാൽ തെറ്റുകളുടെ എണ്ണം ഇതിലും എത്രയോ അധികമായിരിക്കും.

ഈ വാല്യം ഈ രൂപത്തിൽ പൊതുജനങ്ങളിലും പണ്ഡിതന്മാരിലും വിദ്യാർത്ഥികളിലും എത്തുന്നത് മലയാളഭാഷയ്ക്കും കേരള സർവകലാശാലയ്ക്കും മലയാളമഹാനിഘണ്ടുവകുപ്പിനും അപമാനമായിത്തീരും. മഹാനിഘണ്ടുവിന്റെ സ്രഷ്ടാവായ ഡോ. ശൂരനാട്ടു കുഞ്ഞൻപിള്ളസാറിനോടുള്ള കടുത്ത അനാദരവു കൂടിയാണ് ഈ വാല്യത്തിന്റെ പ്രസാധനം.

നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് കടമ്പകൾ

ഡോ.എം.ശാർങ്ഗധരൻ

സംസ്ഥാനത്തെ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ വിദ്യാർത്ഥി പ്രവേശനത്തിനുകൂടി നോൺക്രീമിലെയർ ആനുകൂല്യം നടപ്പിലാക്കാനുള്ള പിണറായി സർക്കാരിന്റെ തീരുമാനം ധീരവും അനുമോദനാർഹവുമാണ്. ഈ തീരുമാനത്തിന്റെ പ്രയോജനം പത്തുവർഷങ്ങൾക്കുള്ളിൽ സമൂഹത്തിൽ ദർശിക്കാനാവും. എന്നാൽ, അർഹരായവർ ക്രീമിലെയറിൽ പെടില്ല എന്ന സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള സംവിധാനം കാര്യക്ഷമവും പ്രയോജനപ്രദവും ആക്കേണ്ടതുണ്ട്.

ഐക്യരാഷ്ട്ര സംഘടനയുടെ കണക്കുകൾ അനുസരിച്ച് സുസ്ഥിര വികസനത്തിലും മനുഷ്യവിഭവ സൂചികയിലും ഇന്ത്യയുടെ സ്ഥാനം ഏറെ പിന്നിലാണ്. സാമ്പത്തിക വളർച്ച ഉണ്ടായിട്ടുണ്ടെങ്കിലും സാമൂഹിക അസമത്വം കുറയ്ക്കാൻ കഴിയാത്തതും പാരിസ്ഥിതിക പ്രശ്നങ്ങളിലെ അലംഭാവവും സദ്ഭരണ സംവിധാനത്തിന്റെ അഭാവവും ആണ് ഇന്ത്യയെ സുസ്ഥിര വികസന സൂചികയിൽ പിന്നാക്കംകൊണ്ട് പോയിട്ടുള്ളത്. കഴിഞ്ഞ 50 വർഷങ്ങളിൽ കേവലം 70 ദശലക്ഷം ജനങ്ങളെ ദാരിദ്ര്യരേഖയ്ക്കു മുകളിൽ ഇന്ത്യ കൊണ്ടുവന്നപ്പോൾ, ഇക്കാലയളവിൽ 400 ദശലക്ഷംപേർ ചൈനയിൽ ദാരിദ്ര്യരേഖയ്ക്കു മുകളിൽ എത്തി. സർക്കാരിന്റെ പ്രതിബദ്ധതയും ഇച്ഛാശക്തിയുമാണ് ഈ നേട്ടത്തിന് പിന്നിലുള്ളത്.

ഉന്നത വിദ്യാഭ്യാസ മേഖലയിലെ സാമൂഹിക അസന്തുലനം കുറയ്ക്കുക, മികവ് പരിപോഷിപ്പിക്കുന്നതിനുള്ള നടപടികൾ ക്രമീകരിക്കുക, കൂടുതൽ തൊഴിൽ അവസരങ്ങൾ ഒരുക്കുക, വനിതാ അസമത്വം ഇല്ലാതാക്കുക തുടങ്ങിയ നാലിന കർമ്മപരിപാടികൾ ശക്തമാക്കിയാലേ സുസ്ഥിരവികസനത്തിന് നമുക്ക് പശ്ചാത്തലം ഒരുക്കാൻ കഴിയൂ.

ഈ പശ്ചാത്തലത്തിലാണ് വാസനയും താത്പര്യവും ഉള്ള പിന്നാക്ക വിഭാഗങ്ങളിലെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസ മേഖലയിലേക്ക് കടക്കാനുള്ള അവസരം ഒരുക്കുന്ന നോൺ ക്രീമിലെയർആനുകൂല്യം പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനത്തിനുപുറമേ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ കൂടി ഇപ്പോൾ വ്യാപിപ്പിക്കുന്നത്. തീരുമാനത്തിന്റെ സാംഗത്യം ഏറ്റുന്നത്. വർഷങ്ങളായി പരിഹരിക്കപ്പെടാതെ നിലനിന്ന ഒരു പ്രശ്നത്തിന് ഇപ്പോൾ അനുകൂലമായ തീരുമാനം സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിരിക്കുന്നുവെന്നത് പ്രത്യേകം ശ്രദ്ധിക്കുക. കേന്ദ്ര സർക്കാർ സംവിധാനത്തിൽ പിന്നാക്ക വിഭാഗങ്ങൾക്ക് ഉദ്യോഗസംവരണം നിലവിൽ വരുന്നതിന് മുമ്പ് ഏറെ വർഷക്കാലമായി കേരളത്തിൽ അക്കൂട്ടർക്ക് ഉദ്യോഗസംവരണാനുകൂല്യം ലഭ്യമായിരുന്നു. എന്നാൽ ഈ ആനുകൂല്യം കേരളത്തിൽ വിദ്യാർത്ഥിപ്രവേശനത്തിന് ലഭ്യമായിരുന്നില്ല. പകരം, സാമ്പത്തിക മാനദണ്ഡം മുൻനിറുത്തി നാമമാത്രമായ രീതിയിൽ പിന്നാക്ക വിഭാഗക്കാർക്ക് പൊതുവായി ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ വിദ്യാർത്ഥി പ്രവേശനത്തിന് സംവരണാനുകൂല്യം നൽകിയിരുന്നു.

സാമ്പത്തിക മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥിപ്രവേശനം നടത്തിയതുമൂലം ഉദ്യോഗസംവരണത്തിൽ പിന്നാക്ക വിഭാഗങ്ങൾക്ക് വൻ നഷ്ടം വന്നുഭവിച്ചിട്ടുണ്ട്. മതിയായ അക്കാഡമിക് യോഗ്യത നേടിയാൽ മാത്രമേ ഉദ്യോഗാർത്ഥികളാകാൻ കഴിയൂ എന്ന അടിസ്ഥാനതത്വം കേരള സംസ്ഥാനത്ത് ഏതാണ്ട് രണ്ട് ദശകത്തോളം പരിഹരിക്കപ്പെടാതെ നിലകൊണ്ടു. ഈ അടുത്തകാലത്ത് മാത്രമാണ് പ്രൊഫഷണൽ കോളേജുകളിൽ നോൺക്രീമിലെയർ ആനുകൂല്യം വിദ്യാർത്ഥി പ്രവേശനത്തിന് ലഭ്യമാക്കിയത്.

> നോൺക്രീമിലെയറിൽ അപേക്ഷന്റെ മാതാപിതാക്കളുടെ പദവിയാണ് പ്രധാന മാനദണ്ഡം. കേരളത്തിൽ 36 വയസിന് മുമ്പ് മാതാപിതാക്കളിൽ ഒരാൾക്ക് നേരിട്ട് ക്ലാസ് വൺ (ഗ്രൂപ്പ് എ) തസ്തികയിൽ നിയമനം ലഭിച്ചിട്ടുണ്ടെങ്കിൽ നോൺക്രീമിലെയർ ആനുകൂല്യം നഷ്ടപ്പെടും. 40 വയസിന് മുമ്പ് ഇരുവർക്കും ക്ലാസ് ടു (ഗ്രൂപ്പ് ബി) നിയമനം നേരിട്ട് ലഭിച്ചിട്ടുണ്ടെങ്കിലും നോൺക്രീമിലെയർ ആനുകൂല്യം ലഭിക്കില്ല.

എന്നാൽ, ഉദ്യോഗസംവരണം പിന്നാക്കവിഭാഗക്കാർക്ക് അനുവദിക്കപ്പെട്ട അന്നുമുതൽ ഉന്നതവിദ്യാഭ്യാസ മേഖലയിൽ ആകമാനം അതേ വ്യവസ്ഥകൾ ബാധകമാക്കി വിദ്യാർത്ഥി പ്രവേശനവും അനുവദിച്ചു എന്നതായിരുന്നു കേന്ദ്രസർക്കാർ ഉത്തരവിന്റെ സവിശേഷത. തുടക്കത്തിൽ സാമൂഹിക പിന്നാക്കാവസ്ഥ അടിസ്ഥാനമാക്കിയും സാമ്പത്തിക വശം ഒഴിവാക്കിയും ഉദ്യോഗനിയമനത്തിലും വിദ്യാർത്ഥി പ്രവേശനത്തിലും സംവരണ ഉത്തരവ് ആണ് മണ്ഡൽ കമ്മിഷൻ റിപ്പോർട്ടനുസരിച്ച് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചത്. എന്നാൽ സുപ്രീംകോടതിയാണ് ഇതിനകംതന്നെ സമൂഹത്തിലെ മുഖ്യധാരയിൽ എത്തിയ പിന്നാക്ക വിഭാഗക്കാരായവരെ ക്രീമിലെയർ വ്യവസ്ഥ അനുസരിച്ച് സംവരണാനുകൂല്യത്തിൽ നിന്ന് ഒഴിവാക്കാനായുള്ള നിർദ്ദേശം പുറപ്പെടുവിച്ചത്. ഇതനുസരിച്ച് പിന്നാക്ക വിഭാഗത്തിലെ നോൺ ക്രീമിലെയറിൽ പെട്ടവർക്ക് മാത്രമായി സംവരണാനുകൂല്യം പരിമിതപ്പെടുത്തി, അതേസമയം ഉദ്യോഗസംവരണത്തിന് നൽകുന്ന അതേ പ്രാധാന്യം വിദ്യാർത്ഥി പ്രവേശനത്തിലെ സംവരണത്തിന് നൽകിയാലേ മതിയായ യോഗ്യത ഉള്ള ഉദ്യോഗാർത്ഥികളെ പിന്നാക്ക വിഭാഗത്തിൽ നിന്ന് ലഭ്യമാകൂ എന്ന അടിസ്ഥാനതത്വം വർഷങ്ങൾക്കുമുമ്പ് കേന്ദ്രസർക്കാർ തന്നെ അംഗീകരിച്ചു.

അതേസമയം, കേരളത്തിൽ പിന്നാക്ക വിഭാഗക്കാർ കബളിപ്പിക്കപ്പെട്ടുവെന്ന വസ്തുത ഏറെക്കാലം ഭരണകർത്താക്കളും ഗുണഭോക്താക്കളും തിരിച്ചറിഞ്ഞില്ല. സംസ്ഥാനത്ത് ഉദ്യോഗസംവരണത്തിൽ അന്നുവരെ നിലവിൽ ഇല്ലാതിരുന്ന നോൺ ക്രീമിലെയർ വ്യവസ്ഥ കേന്ദ്ര സർക്കാർ ഉത്തരവ് വന്നതിന്റെ തൊട്ടുപിന്നാലെ നടപ്പിലാക്കി. എന്നാൽ വിദ്യാർത്ഥിപ്രവേശനത്തിൽ സാമ്പത്തിക നിലകൂടി കണക്കിലെടുക്കുന്ന പഴയ വ്യവസ്ഥകളിൽ യാതൊരുമാറ്റവും വരുത്തിയില്ല.

നോൺക്രീമിലെയറിൽ അപേക്ഷകന്റെ മാതാപിതാക്കളുടെ പദവിയാണ് പ്രധാന മാനദണ്ഡം. കേരളത്തിൽ 36 വയസിന് മുമ്പ് മാതാപിതാക്കളിൽ ഒരാൾക്ക് നേരിട്ട് ക്ലാസ് വൺ (ഗ്രൂപ്പ് എ) തസ്തികയിൽ നിയമനം ലഭിച്ചിട്ടുണ്ടെങ്കിൽ നോൺക്രീമിലെയർ ആനുകൂല്യം നഷ്ടപ്പെടും. 40 വയസിന് മുമ്പ് ഇരുവർക്കും ക്ലാസ് ടു (ഗ്രൂപ്പ് ബി) നിയമനം നേരിട്ട് ലഭിച്ചിട്ടുണ്ടെങ്കിലും നോൺക്രീമിലെയർ ആനുകൂല്യം ലഭിക്കില്ല. എന്നാൽ, ക്ലാസ് ത്രീ, ക്ലാസ്ഫോർ തസ്തികകളിൽ നേരിട്ട് നിയമനം ലഭിച്ചവർക്ക് പിന്നീട് സ്ഥാനക്കയറ്റത്തിലൂടെ ലഭിക്കുന്ന പദവി കണക്കിൽ എടുത്തില്ല. സഹോദരൻ, സഹോദരി, ഭാര്യ/ഭർത്താവ്, മറ്റു കുടുംബാംഗങ്ങളുടെ പദവികൾ ഒന്നും നോൺക്രീമിലെയർ വ്യവസ്ഥയെ ബാധിക്കുന്നില്ല എന്നതാണ് പ്രത്യേകം ഓർക്കേണ്ടത്.

ആദ്യഘട്ടത്തിൽ ഉദ്യോഗസംവരണത്തിൽ മാത്രമായും വർഷങ്ങൾക്കുശേഷം പ്രൊഫഷണൽ കോഴ്സിലെ പ്രവേശനത്തിന് കൂടിയും നോൺക്രീമിലെയർ വ്യവസ്ഥകൾ ബാധകമാക്കിയപ്പോൾ, ഓരോ അപേക്ഷയോടൊപ്പം പുതുതായി നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് വാങ്ങണമെന്ന വ്യവസ്ഥകൂടി ഉണ്ടായി. ഇപ്പോൾ ആർട്സ് സയൻസ് കോഴ്സുകളിലെ വിദ്യാർത്ഥിപ്രവേശനം ഉൾപ്പെടെ സമസ്തരംഗങ്ങളിലും നോൺക്രീമിലെയർ ബാധകമാക്കിയപ്പോൾ, ഓരോ അപേക്ഷ അയയ്ക്കുന്നതിനും അപ്പപ്പോൾ നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് വാങ്ങണമെന്ന വ്യവസ്ഥ അശാസ്ത്രീയമായി മാറിയിരിക്കുന്നു. എന്നാൽ, ഇത് ഔദ്യോഗികമായി നടപ്പിൽ വരാത്തതു കൊണ്ട് അപേക്ഷകരും റവന്യു ഉദ്യോഗസ്ഥരും വലയുകയാണ്. അടിയന്തരമായി പരിഹാരം കണ്ടെത്തേണ്ട ഒരു വിഷയമാണിത്. ഒരുതവണ വാങ്ങുന്ന സർട്ടിഫിക്കറ്റ് ആറുമാസക്കാലം വിവിധ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്താം എന്ന് തീരുമാനിച്ചാൽ പ്രശ്നം വേഗത്തിൽ പരിഹരിക്കാം.

നോൺ ക്രീമിലെയർ, പ്രൊഫഷണൽ-ജനറൽ മേഖലയിലെ വിദ്യാർത്ഥി പ്രവേശനത്തിന് ബാധകമാക്കിയ ആർജ്ജവം പിന്നാക്ക വിഭാഗങ്ങളിലെ അർഹർക്ക് ആവശ്യമായ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് കൂടി ഉണ്ടാവണം.

വായനക്കാർ പറയുന്നു
www.keralakaumudi.com/letters

ഇത്ര പ്രയാസമോ നീന്തൽ പരിശീലനം

ജലാശയങ്ങളിലൊടുങ്ങുന്ന കുരുന്നു ജീവിതങ്ങൾ തുടർക്കഥയായി കണ്ടുവരുന്നത് ഖേദകരം തന്നെ. വെള്ളവുമായി യാതൊരു പരിചയവുമില്ലാത്തവർ കുളിക്കാനും കളിക്കാനുമൊക്കെ ശ്രമിച്ചാലുണ്ടാകാവുന്ന ഭവിഷ്യത്തിനെക്കുറിച്ച് ഉറ്റവരുടെ ബോധവത്കരണത്തിന്റെ അഭാവമല്ലേ ഈ വിധ ദാരുണ അന്ത്യത്തിന് കാരണമായി ഭവിക്കുന്നത്. ഇന്നത്തെ സാഹചര്യത്തിൽ കുട്ടികളെ ചെറുപ്പം മുതലേ നീന്തൽ അഭ്യസിപ്പിക്കേണ്ടത് വളരെ അത്യാവശ്യമാണ്. ആരോഗ്യപരമായും ശരീരത്തിനും മനസിനും യോഗ എന്ന പോലെ ഗുണകരവുമാണ്. കൊച്ചുകുട്ടികൾപോലും മൊബൈലുകൾ പ്രവർത്തിപ്പിക്കുന്നു. അതിനെക്കാൾ എളുപ്പമാണ് നീന്തൽ പരിശീലനം. ബോധവത്കരണത്തിലൂടെ വിപത്തിനെ ബോദ്ധ്യപ്പെടുത്തുവാൻ ഏറെ പണിപ്പെടേണ്ടി വരുമെങ്കിലും പ്രയോഗികതയിൽ ഇതിനുള്ള ഒരു പരിഹാരമാണ് ചിന്തിക്കേണ്ടത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തുകയോ തൊഴിൽ ഉറപ്പ് സംവിധാനത്തിൽപ്പെടുത്തിയോ തങ്ങളുടെ പ്രദേശത്തെ കുളങ്ങൾ സംരക്ഷിച്ച് നീന്തൽ പഠിക്കാൻ ആഗ്രഹിക്കുന്നവർക്ക് അവസരം നൽകണം.

ലളിതാ ഉണ്ണിക്കൃഷ്ണൻ
നീണ്ടകര